"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ താഴെക്കണ്ണത്ത്-പന്നിക്കുന്ന് റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ - VC 26/2015/MPM നമ്പർ വിജിലൻസ് കേസിന്റെ വസ്തുതാ റിപ്പോർട്ട്- കുറ്റാരോപിതനെതിരെ അച്ചടക്കനടപടി- കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2811/2025/LSGD തീയതി,തിരുവനന്തപുരം, 14-11-2025

---

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 03.07.2019-ലെ C5-(VC 26/2015/MPM) 38654/2015 നമ്പർ റിപ്പോർട്ട്
2. 31.10.2022-ലെ EW2/76/2019-LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും 05.08.2025-ലെ ഇതേ നമ്പർ നോട്ടീസും
3. റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽ കുമാർ എൻ. 07.04..2025 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക

**<u>ഉത്തരവ്</u>**

പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതി പ്രകാരം നടപ്പാക്കിയ, മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലെ താഴെക്കണ്ണത്ത്-പന്നിക്കുന്ന് റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മലപ്പുറം യൂണിറ്റിൽ രജിസ്റ്റർ ചെയ്ത VC 26/2015/MPM നമ്പർ വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയാക്കി വസ്തുതാ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

2. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പൊതുസ്ഥലത്ത് തന്നെ റോഡിന് സംരക്ഷണഭിത്തി കെട്ടാമെന്നിരിക്കെ, സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് രേഖാമൂലമുള്ള സമ്മതം വാങ്ങാതെ സർക്കാർ ഖജനാവിൽ നിന്നും പണം ചെലവഴിച്ച് സംരക്ഷണഭിത്തി നിർമ്മിച്ചതായി വിജിലൻസ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആയതിന് ഉത്തരവാദിയായ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽ കുമാർ എൻ.-നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടി ആരംഭിച്ച് കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ആയതിന് ടിയാൾ പ്രതിവാദപത്രിക സമർപ്പിക്കുകയുമുണ്ടായി. 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും

നിയന്ത്രണവും അപ്പീലും)ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, ശ്രീ. അനിൽ കുമാർ എൻ. 31.05.2025-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായി സേവനത്തിൽ നിന്ന് വിരമിച്ച സാഹചര്യത്തിൽ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരം തുടർന്നുവരുന്നു.

3. കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരമുള്ള നടപടിക്രമങ്ങളുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് നോർത്ത്സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയർ ശ്രീമതി സീന അലക്സ് (PEN-438296)-നെ അന്വേഷണ ഉദ്യോഗസ്ഥയായി നിയോഗിച്ച് ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥ ഔപചാരിക അന്വേഷണത്തിന്റെ എല്ലാനടപടിക്രമങ്ങളും പാലിച്ച് ഒരുമാസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീമതി സീന അലക്സ് (PEN-438296), സൂപ്രണ്ടിങ് എഞ്ചിനീയർ, കോഴിക്കോട് നോർത്ത് സർക്കിൾ
2. ശ്രീ. അനിൽകുമാർ എൻ. (PEN:684525), റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ, സുദർശനം, നടക്കുതാഴ പി.ഒ., നട്ട് സ്ട്രീറ്റ്, വടകര, കോഴിക്കോട് - 673104

**(1, 2 ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. സ്റ്റോക്ക് ഫയൽ (EWA2/70/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 14-11-2025 13:19:38

സെക്ഷൻ ഓഫീസർ